പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4610** **29.6.2012-ൽ മറുപടിക്ക്**

**നഗരകാര്യ വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, ഹൈബി ഈഡൻ<br>,, പി.എ. മാധവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരകാര്യവകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>ബി) ഏത് ഏജൻസിയുമായി ചേർന്നാണ് ഇത് നടപ്പാക്കുന്നത്;<br>സി) ഈ പദ്ധതി എന്ന് പൂർത്തിയാക്കാനാകും എന്നാണ് കരുതുന്നത്; | എ) ബി) & സി) നഗരകാര്യ ഡയറക്ടറേറ്റിന് അനുവദിച്ചിട്ടുള്ള "സ്വരാജ് ഭവൻ" കെട്ടിടത്തിലെ പണി ഇതുവരെ പൂർത്തിയായിട്ടില്ല. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് കെൽട്രോണുമായി ചേർന്നു നടപ്പാക്കുന്ന കമ്പ്യൂട്ടറൈസേഷൻ പദ്ധതി പൂർത്തിയാക്കാനാകും എന്ന് കരുതുന്നു. |
| ഡി) കമ്പ്യൂട്ടറൈസേഷൻ വഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) നഗരസഭകളുടെ വരവ്ചെലവ് നിരീക്ഷണം, വിവിധ ഓഫീസുകളുമായുള്ള കമ്പ്യൂട്ടർശൃംഖലാ ബന്ധം, കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളുമായി ദ്രുതഗതിയിലുള്ള ആശയ വിനിമയം, ഫണ്ടുകൾ കൈമാറുന്നതിലുള്ള വേഗത എന്നിവ വഴി നഗരസഭകളിൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുവാൻ കഴിയും |

സെക്ഷൻ ഓഫീസർ